LIBRARY ARCHIVES Kerala Legislative Assembly

എസ്. സി./ എസ്. റ്റി./ഒ. ഇ. സി. വിഭാഗങ്ങൾക്ക് സ്റ്റൈപെന്റ് നൽകുന്നതിന് നടപടി

14 [594] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന എസ്. സി./ എസ്. റ്റി./ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് എത്ര മാസത്തെ സ്റ്റൈപെന്റ് കൊടുക്കുവാനുണ്ട്;

(ബി) ആയതിന് എന്ത് തുക വേണ്ടി വരും; എത്ര കുട്ടികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ട്; ആയത് എപ്പോൾ കൊടുത്ത് തീർക്കുവാൻ സാധിക്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ/ ഒ.ഇ.സി. വിദ്യാർത്ഥികളിൽ കാസർഗോഡ്, ഇടുക്കി ജില്ലകളിൽ പഠിക്കുന്നവർക്ക് 6 മാസത്തെ സ്റ്റൈപെന്റും പാലക്കാട് ജില്ലയിൽ 3 മാസത്തെ സ്റ്റൈപെന്റും നൽകാനുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആയതിന് 44,769 രൂപ വേണ്ടി വരും. ആകെ 13 പട്ടികവർഗ്ഗ കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്. 2005 ജൂലൈ അവസാനത്തോടെ ഇതു കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റും ലംപ്സംഗ്രാന്റും

15 [595] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 അദ്ധ്യയന വർഷം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഏതെല്ലാം മാസങ്ങളിലെ സ്റ്റൈപെന്റും ലംപ്സംഗ്രാന്റും നൽകുവാനുണ്ട്;

(ബി) ഹൈസ്കൂൾതലം വരെയുള്ള എത്ര വിദ്യാർത്ഥികൾക്ക് എന്തു തുക നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഡിഗ്രിതലം വരെയുള്ള എത്ര വിദ്യാർത്ഥികൾക്ക് എന്തു തുക നൽകുവാനുണ്ട്;

(ഡി) ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിൽ പഠിച്ചിരുന്ന എത്ര വിദ്യാർത്ഥികൾക്ക് എന്തു തുക നൽകുവാനുണ്ട്; ഈ തുക എന്നത്തേക്ക് നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഹൈസ്കൂൾതലം വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകാനുള്ള തുക നൽകിക്കഴിഞ്ഞിട്ടുണ്ട്.

(സി) & (ഡി) വിവരം ലഭ്യമാക്കി നൽകുന്നതാണ്.

പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്

16 [596] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അനുവദിച്ചു നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി റവന്യൂ, വിദ്യാഭ്യാസം, പട്ടികജാതി വികസനം എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാതലത്തിൽ ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മന്ത്രിതലത്തിൽ, വിദ്യാഭ്യാസ ആനുകൂല്യ വിതരണം സംബന്ധിച്ച് രണ്ടു മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) പരിശോധിക്കുന്നതാണ്.

GPM. 2/574/2012—9

LIBRARY ARCHIVES Kerala Legislative Assembly